**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1084** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ജല ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ജല ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ കുന്നത്തുനാട് മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിവരം അനുബന്ധം 1-ആയി ചേർക്കുന്നു. പദ്ധതിയുടെ നിർവഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിലുള്ള ഓരോ പഞ്ചായത്തുകളിലും ജലജീവൻ മിഷന്റെ ഭാഗമായി ഇതേ വരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇനി എത്ര കണക്ഷൻ നൽകാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (ബി) | വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പദ്ധതിയുടെ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന എന്തെങ്കിലും കാര്യങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | പൈപ്പ് ഇടുന്നതിനായി പഞ്ചായത്ത് റോഡ് മുറിക്കുവാൻ അനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നു. കുന്നത്തുനാട്, ഐക്കാരനാട്, മഴുവന്നൂർ പഞ്ചായത്തുകളിലെ പ്രവർത്തനത്തിന് പിഡബ്ല്യൂഡി റോഡ് മുറിക്കുന്നതിനുള്ള അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. റോഡ് മുറിക്കാൻ അപേക്ഷ സമർപ്പിച്ചതിന് ഡിമാൻഡ് നോട്ടീസ് ആയി പെർഫോമൻസ് ഗ്യാരണ്ടി തുകയ്ക്ക് പകരം പി ഡബ്ല്യൂ ഡി റെസ്റ്റോറേഷൻ തുകയാണ് നൽകിയിരിക്കുന്നത്. ആയത് മാറ്റി നൽകുവാൻ കത്ത് നൽകിയിട്ടുണ്ട്.<br><br>കൂടാതെ കടക്കനാട് 8 ലക്ഷം ലിറ്റർ ടാങ്ക് നിർമ്മിക്കുന്നതിന് 15 സെൻറ് സ്ഥലത്തിന് ഇറിഗേഷനിൽ നിന്നും അനുമതി ലഭിക്കുവാനുണ്ട് . ഇത് ലഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. കറുകപ്പിള്ളിയിൽ പ്രവൃത്തിക്ക് വേണ്ടി 9 മീറ്റർ വ്യാസമുള്ള കിണർ നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തിയിൽ നിന്നും മൂന്ന് പഞ്ചായത്തുകളുമായി ചേർന്ന് 12 സെന്റ് സ്ഥലം വാങ്ങി ലഭ്യമാക്കേണ്ടതുണ്ട്. ആയതിന്റെ പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയെങ്കിലും സ്ഥലം വാങ്ങി |

| | | | |
|---|---|---|---|
| | | | **കൈമാറിയിട്ടില്ല. പദ്ധതിക്കായി 17 എം എൽ ഡി ജലശുദ്ധീകരണ ശാല നിർമ്മിക്കുന്നതിന് 1 ഏക്കർ സ്ഥലത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ കേന്ദ്രകാര്യാലയത്തിൽ നിന്നും NOC ലഭിക്കുവാനുണ്ട്.** |
| (ഡി) | മണ്ഡലത്തിലെ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതികൾക്കായി ദേശീയപാത അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | **കുന്നത്തുനാട് , ഐക്കാരനാട് , മഴുവന്നൂർ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതിക്കായി ദേശീയപാത മുറിച്ചും, ഇരുവശങ്ങളിലൂടെയും പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട് . ആയതിന്റെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട് .** |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

| നമ്പർ | പഞ്ചായത്ത് | നൽകിയ കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ |
|---|---|---|---|
| 1 | കുന്നത്തുനാട് | 4069 | 3184 |
| 2 | കിഴക്കമ്പലം | 4282 | 1856 |
| 3 | മഴുവന്നൂർ | 741 | 7019 |
| 4 | വാഴക്കുളം | 5413 | 2003 |
| 5 | വടവുകോട് പുത്തൻകുരിശ് | 788 | 3599 |
| 6 | പൂതൃക്ക | 704 | 4102 |
| 7 | തിരുവാണിയൂർ | 381 | 6224 |
| 8 | അയ്യനാട് | 528 | 3788 |
| | **ആകെ** | **16906** | **31775** |

അനുബന്ധം 1

| നമ്പർ | പഞ്ചായത്ത് | ഭരണാനുമതി ലഭിച്ച കണക്ഷൻ | ഭരണാനുമതി ലഭിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | കുന്നത്തുനാട് | 7253 | 10261.81 |
| 2 | കിഴക്കമ്പലം | 7324 | 1256.00 |
| 3 | മഴുവന്നൂർ | 7760 | 7678.34 |
| 4 | വാഴക്കുളം | 8807 | 1192.00 |
| 5 | വടവുകോട് പുത്തൻകുരിശ് | 4387 | 4593.35 |
| 6 | പൂതൃക്ക | 4806 | 4790.01 |
| 7 | തിരുവാണിയൂർ | 6605 | 5916.44 |
| 8 | അയികരനാട് | 4316 | 5137.07 |
| | **ആകെ** | **51258** | **40825.02** |